# അനുഗൃഹീത രാവ് ?

[ Malayalam - മലയാളം - مليالم ]

## ﴾ ما هي الليلة المباركة في سورة الدخان؟ ﴿

ഇസ്‌ലാമിക ഫത്‌വാ ബോർഡ് - സൗദി അറേബ്യ

إعداد : اللجنة الدائمة للبحوث العلمية والإفتاء

darlifta.net - ഫത്‌വ നമ്പർ 2122

വിവർത്തനം: ശാക്കിർ ഹുസൈൻ സ്വലാഹി

إعداد : شاكر حسين صلاحي

കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض المملكة العربية السعودية

islamhouse.com

1431 — 2010

بسم الله الرحمن الرحيم

**ചോ:** അല്ലാഹു പറഞ്ഞു: "ഹാമീം, സ്പഷ്ടമായ വേദഗ്രന്ഥം തന്നെയാണ് സത്യം; തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു" (ദുഖാൻ:13). ശൈഖ് ജലാലുദ്ധീൻ മഹല്ലിയുടേയും ശൈഖ് ജലാലുദ്ധീൻ സുയൂത്തിയുടേയും ഖുർആൻ വ്യാഖ്യാനഗ്രന്ഥമായ ജലാലൈനിയിൽ ഇവിടെ അനുഗൃഹീതരാവു കൊണ്ടുദ്ധേശ്യം ലൈലത്തുൽഖദ്റോ ശഅബാൻ പതിനഞ്ചോ ആണെന്ന് അദ്ദേഹം എഴുതിയാതായി ഞാൻ വായിച്ചു. ആ രാവിൽ ഏഴാനാകാശത്ത് നിന്ന് ഒന്നാനാകാശത്തേക്ക് ഖുർആനിൽ നിന്നും ഇറങ്ങി എന്നാണ് അതുകൊണ്ടുദ്ദേശിക്കുന്നത് എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു, വിഷയ സംബന്ധമായി ഞാൻ പല പണ്ഡിതൻമാരോടും ചോദിച്ചു അവരെല്ലാം ഈ രാവു കൊണ്ടുദ്ധേശ്യം റമദ്വാനിലെ ലൈലത്തുൽഖദ്റാണെന്നാണ് എന്നോട് പറഞ്ഞത് വിശദീകരണം തന്നാലും...

الحمد لله وحده والصلاة والسلام على رسوله وآله وصحبه .. وبعد :

**ഉ:** അല്ലാഹു തന്റെ പ്രവാചക(ﷺ)ന് നൽകിയ മഹത്തായ ഗ്രന്ഥം അത് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന് രേഖയും മുഅ്ജിസത്തുമാണെന്ന് അല്ലാഹു ശപഥം ചെയ്ത് പറയുന്നു, ധാരാളം നന്മകൾ നിറഞ്ഞ അനുഗൃഹീത രാത്രിയിലാണ് ഖുർആൻ ഇറങ്ങിയതെന്നും ആ രാത്രി ലൈലത്തുൽഖദ്റിന്റെ രാവാണെന്നും വിശുദ്ധ ഖുർആൻ പറയുന്നു.

(إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ * وَمَا أَدْرَاكَ مَا لَيْلَةُ الْقَدْرِ * لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ)

(القدر:1-3)

"തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു." (ഖദ്ർ :1 –3)

ഈ രാത്രി റമദ്വാനിലാകുന്നു എന്ന് ഖുർആൻ വിവരിക്കുന്നു.

شَهْرُ رَمَضَانَ الَّذِي أُنْزِلَ فِيهِ الْقُرْآنُ هُدًى لِلنَّاسِ وَبَيِّنَاتٍ مِنَ الْهُدَى وَالْفُرْقَانِ... (البقرة :185)

''ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദ്വാൻ''. (അൽബഖറ:185)

മാസത്തിന്റെ പേരടക്കം ഖുർആൻ വ്യക്തമായി റമദ്വാനിലാണെന്ന് പറഞ്ഞിരിക്കെ ഒരാൾ ഈ രാത്രി ശഅബാൻ പതിനഞ്ചാണെന്ന് പറഞ്ഞാൽ അവൻ തെറ്റ് പറ്റിയവനും സത്യത്തിൽ നിന്നും ബഹുദൂരം അകന്നവനുമാകുന്നു, ഖുർആനിൽ നിന്നോ നബിചര്യയിൽ നിന്നോ മേൽ രാത്രി ശഅബാൻ പതിനഞ്ചാണെന്ന അഭിപ്രായക്കാർക്ക് അവലംബനീയമായ രേഖയില്ല, ബുദ്ധിപരമായ ഒരാളുടെ അഭിപ്രായത്തെ അവലംബിക്കേണ്ട ഒരു വിഷയമല്ല ഇത്, മറിച്ച് വിശുദ്ധ ഖുർആനും നബിചര്യയും വ്യക്തമായി പറഞ്ഞ വസ്തുതയാകുന്നു.

പിന്നീട് അല്ലാഹു അവന്റെ ചൊവ്വായ നീതി എന്ന നിലയിലും അടിമകളോടുള്ള കാരുണ്യമെന്ന നിലയിലും ഇപ്രകാരം വിവരിക്കുന്നു: ''തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു'' (ദുഖാൻ : 3) അതായത് പ്രവാചകൻമാർ മുഖേന അവന്റെ മത നിയമങ്ങളും നേർവഴിയും എത്തിക്കുകയും അവന്റെ കൽപനകൾക്കും വിരോധങ്ങൾക്കും എതിർ പ്രവർത്തിച്ചാലുള്ള ശിക്ഷയെ കുറിച്ചും താക്കീത് നൽകുകയും ചെയ്യുന്നു, തന്റെ ദാസൻമാരോടുള്ള കാരുണ്യത്താലും സൃഷ്ടികൾ പിന്നീട് അല്ലാഹുവിന്നെതിരിൽ മറ്റെന്തെങ്കിലും ന്യായവാദങ്ങളുന്നയിക്കാതിരിക്കാനും വേണ്ടിയാണ് ഇപ്രകാരം പ്രവാചകൻമാർ മുഖേന മുന്നറിയിപ്പ് നൽകുന്നത്, താഴെ കൊടുക്കുന്ന വചനങ്ങൾ നോക്കുക..

رُسُلًا مُبَشِّرِينَ وَمُنْذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّةٌ بَعْدَ الرُّسُلِ وَكَانَ اللَّهُ عَزِيزًا حَكِيمًا (النساء :165)

“സന്തോഷ വാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്ന വരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജന ങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേ ണ്ടിയാണത്. അല്ലാഹു പ്രതാപിയും, യുക്തി മാനുമാകുന്നു” (നിസാ അ് : 165)

ذَلِكَ أَنْ لَمْ يَكُنْ رَبُّكَ مُهْلِكَ الْقُرَى بِظُلْمٍ وَأَهْلُهَا غَافِلُونَ (الأنعام: 131)

“നാട്ടുകാർ (സത്യത്തെപ്പറ്റി) ബോധവാൻമാരല്ലാതിരിക്കെ അ വർ ചെയ്ത അക്രമത്തിന്റെ പേരിൽ നിന്റെ രക്ഷിതാവ് നാടുകൾ ന ശിപ്പിക്കുന്നവനല്ല എന്നതിനാലത്രെ അത് (ദൂതൻമാരെ അയച്ചത്)” (അൻആം 131)

مَنِ اهْتَدَى فَإِنَّمَا يَهْتَدِي لِنَفْسِهِ وَمَنْ ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَى وَمَا كُنَّا مُعَذِّبِينَ حَتَّى نَبْعَثَ رَسُولًا (الاسراء : 15)

“വല്ലവനും നേർമാർഗം സ്വീകരിക്കുന്ന പക്ഷം തന്റെ സ്വന്തം ഗുണത്തിനായി തന്നെയാണ് അവൻ നേർമാർഗം സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ച് പോകുന്ന പക്ഷം തനിക്ക് ദോഷത്തിനായി ത ന്നെയാണ് അവൻ വഴിപിഴച്ചു പോകുന്നത്. പാപഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ പാപഭാരം ചുമക്കുകയില്ല. ഒരു ദൂതനെ അയക്കുന്നത് വരെ നാം (ആരെയും) ശിക്ഷിക്കുന്നതുമല്ല.” (ഇസ് റാഅ് 15)

وبالله التوفيق ، وصلى الله على نبينا محمد وآله وصحبه وسلم .

اللجنة الدائمة للبحوث العلمية والإفتاء

| عضو | نائب رئيس اللجنة | الرئيس |
|---|---|---|
| عبد الله بن غديان | عبد الرزاق عفيفي | عبد العزيز بن عبد الله بن باز |

*****************